Malappuram District Police

## 19/05/2018 കല്പകഞ്ചേരി

ജാമ്യത്തിലിറങ്ങി മുങ്ങിയ കഞ്ചാവു കേസിലെ പ്രതിയെ കൽപകഞ്ചേരി പോലീസ് പിടികൂടി. പൊന്മുണ്ടം സ്വദേശി മേലേപീടിയേക്കൽ ഷരീഫി(36)നെയാണ് കൽപകഞ്ചേരി പോലീസ് പിടികൂടിയത്. 2010 ല് കഞ്ചാവ് വിൽപനക്കിടയില് പിടികൂടി കോടതിയിലാക്കിയ ഷരീഫ് ജാമ്യത്തിലറങ്ങി മുങ്ങുകയായിരുന്നു.

കുറ്റിപ്പുറം, പട്ടാമ്പി എന്നിവിടങ്ങളിലെ ഭാര്യമാരൊത്തും വിദേശത്തും ഒളിവില് കഴിയുകയായിരുന്ന ഷരീഫിനെ കരുവാരകുണ്ടിലുള്ള ഭാര്യവീട്ടിൽനിന്നും കൽപകഞ്ചേരി എസ്.ഐ ഷൺമുഖന്, എ.എസ്.ഐ സുകീഷ് കുമാർ, സജു, റസാഖ്, കരുവാരകുണ്ട് സി.പി.ഒ സെബാസ്റ്റ്യൻ എന്നിവരടങ്ങുന്ന പോലീസ് സംഘം പിടികൂടുകയായിരുന്നു. പ്രതിയെ വടകര സ്പെഷ്യല് കോടതിയില് ഹാജരാക്കി റിമാൻഡ് ചെയ്തു.